[Mr. P. K. Krishnankutty Menon]

(*b*) the Officer to whom the said order was communicated by Government, and the date on which the Officer concerned received the said order;

(*c*) the date on which the order of the Government was given effect to so far as the consumers were concerned;

(*d*) who was the Officer responsible for the delay, if any, in giving effect to the Government order.?

Mr. P. Govinda Menon *(Minister for Finance and Law):*

(*a*) 9th November 1948.

(*b*) The Conservator of Forest, 9th November, 1948.

(*c*) From 10th November 1948 onwards.

(*d*) There was no delay in giving effect to the order.

മിസ്റ്റർ ടി. പി. സീതാരാമൻ: വില കൂട്ടിയതു് എന്നാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിലകുറച്ചതിനു രണ്ടുമാസം മുമ്പു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: വില കൂട്ടാനുള്ള കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഗവമ്മെണ്ടിനു നഷ്ടംവരാതിരിക്കാനാണു്.

മിസ്റ്റർ ടി. പി. സീതാരാമൻ: രണ്ടു് മാസം എന്നു പറഞ്ഞല്ലോ, വില കൂടിയതു് തിരഞ്ഞെടുപ്പു് കഴിഞ്ഞിട്ടാണോ, അതോ അതിനു് മുമ്പാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തിയ്യതി അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇപ്പോഴത്തെ ഗവമ്മെണ്ടോ, അതോ മുമ്പിലത്തെ ഗവമ്മെണ്ടോ—മിസ്റ്റർ ഇയ്യുവിന്റെ ഭാഷയിൽ പറഞ്ഞാൽ അന്തഃപ്പാനംചെയ്ത ഗവമ്മെണ്ടോ—വിലകൂട്ടിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടാണു് വിലകൂട്ടിയതു്.

മിസ്റ്റർ ടി. പി. സീതാരാമൻ: ആദ്യത്തെ വിലയെന്തായിരുന്നു? ഇപ്പോഴത്തെ വിലയെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആദ്യത്തെ വിലയിൽ നിന്നു് ൨൫ ശതമാനം കൂട്ടിയിരുന്നു. അതിപ്പോൾ കുറച്ചു.

മിസ്റ്റർ എ. കെ. ജോഷ്വാ: വിലകുറക്കാനുള്ള കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ജനങ്ങളിൽനിന്നു് ആവലാതി കിട്ടിയതുകൊണ്ടു്.

മിസ്റ്റർ ടി. പി. സീതാരാമൻ: കുറക്കാനുള്ള ആവലാതി ഇപ്പോഴത്തെ ഗവമ്മെണ്ടിനോ അതോ ഇതിനു് മുമ്പിലത്തെ ഗവമ്മെണ്ടിനോ കിട്ടിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആവലാതി ഗവമ്മെണ്ടിലേക്കാണു് കിട്ടിയതു്.

മിസ്റ്റർ മുഹമ്മദ് അയൂബ് സേട്ട്: ആവലാതി വന്നതു് ഗവമ്മെണ്ടു ഭാഗത്തുനിന്നോ ജനങ്ങളുടെ ഭാഗത്തുനിന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ജനങ്ങളുടെ ഭാഗത്തുനിന്നു്.

2. ANNOUNCEMENT BY THE PRESIDENT REGARDING CERTAIN CHANGES IN THE CONSTITUTION OF THE ADVISORY COMMITTEE

Mr. President: Questions over. Now I have to announce that instructions have been received from the Government that they intend making certain changes in the constitution of the four Advisory Committees, the elections for which were announced to take place tomorrow and since the Government intend to introduce certain changes in the constitution of these Committees the election has to be postponed and future date of the election will be announced later. Now we shall take up the voting of demands for grants.

3. VOTING OF DEMANDS FOR GRANTS

(i) 42—Miscellaneous

Mr. E. Ikkanda Warriar *(Prime Minister):* Sir, I move for a grant of Rs. 55,64,026 under Demand No. 42—Miscellaneous. I crave the indulgence of this House to speak a few words in moving this motion. In spite of the fact that the department administering controls in Cochin is one of the best managed in India, we hear all kinds of criticisms about this Department. We have heard much about this Department during the general discussion on the Budget and some cutmotions also have been moved in this connection which gives an indication as to what is working in the minds of the Members of this House. I therefore think it

LIBRARY ARCHIVES Kerala Legislative Assembly

proper to give certain facts which may be of help to form opinions about the working of this Department which has been subjected to many a criticism both uniform and sometimes limited I shall therefore, give a few salient facts. I shall first deal with the question of the Central Government's policy on controls.

There have been important changes in the All-India Food Policy since the last Budget Session. There was a large volume of opinion against the food policy of the Government of India prior to 1948 which involved control of many essential articles including food stuffs. Hence the Government of India appointed a Food Grains Policy Committee to go into the question thoroughly and advise the Government on the future policy. The majority of the Committee reported in favour of a planned decontrol as regards important cereals including rice and wheat and an immediate decontrol as regards other articles including food stuffs. The Central Government took action accordingly. Cochin fell in line with the above policy, as far as it was possible, by taking away all controls except as regards the essential food grains like rice, wheat and millets, food stuffs like eggs and fish and essential articles like kerosene. Cochin is a highly deficit area with regard to its requirements of food grains and so it was necessary to retain control over the above articles till the position in the adjoining areas became normal.

The results of the policy of decontrol adopted by the Central Government were not, however, satisfactory, as it had not the desired effect of reducing prices and ensuring adequate supplies to the people. This was particularly so in the case of food grains and textiles. Hence the Central Government decided to re-introduce control, first over textiles and then over the essential food grains. Accordingly cloth control was re-introduced from August 1948. Cochin followed suit by issuing parallel orders in the State also. With regard to food grains, the Central Government had not completely decontrolled some of the food grains. As far as Cochin was concerned, supplies of rice, wheat and coarse grains could be had only through allotments obtained through Centre. In September 1948 the Government announced their policy of re-introduction of complete control over rice, wheat and millets. In the case of Provinces and States which had adopted decontrol, they were asked to re-introduce control within the shortest possible time. The Central Governmant found that, as the result of decontrol, prices of essential articles shot up to abnormal levels with the inevitable result of great suffering and hardship to the general public. Hence they decided to re-control the articles essential to maintain the life of the community, viz., food grains, textiles, iron, steel and cement.

Food Control.—Coming to the general food posititon of the State, Cochin has passed through a difficult period during 1123. The normal standard of cereals required for an adult is, according to competent authority, about 16 ozs. per adult per day. The State has never been able to give such a ration at any time during the control period. In 1123 the State started with a rice ration of 8 ozs. per adult per day. After alternating for some months between 6 and 8 ozs., we have been able to maintain an overall ration of 10 ozs., cereals including 8 ozs., rice, per adult per day till now. It has not been possible to give a higher ration on account of limited supplies at the disposal of the State. For 1948 Cochin was allotted about one lakh ton food grains of which rice comes to about 90,000 tons; we purchased locally paddy equivalent to about 25,000 tons of rice. We had also a carry over of 2,000 tons of rice. A major portion of our Foreign supplies has been moved. This is satisfactory. For, short-falls and delay in the actual receipt of food grains allotted to us from outside have been our distressing experience in the past. At present we have to get half of the rice quota for November amounting to 2,000 tons. It is expected to arrive shortly. We had been cautioned by the Central Government early in 1948 that the supply position of rice during the year might not be satisfactory. Hence we had to spend our available rice stocks with the utmost care and caution, giving only a meagre ration, to avoid a breakdown in rationing at any time. The rice position for the coming year (1949) is reported to be in no way better. One chief reson for this is the difficulty of securing rice from Burma owing to disturbed political conditions there. Next to Burma, another important source of rice for India is South America. Apart from the fact that the price of rice there is prohibitive there are exchange difficulties also for the Central Government. For the coming year we have requested the Central Government allotments sufficient to have a 12 oz. rice ration. It is doubtful whether we will get it. We have been assured by the Central Government that the maximum possible supply of rice will be made. For January we have been allotted 9,000 tons of rice. The allotment for the remaining portion of the Khariff year (1948 November to 1949 Nov.) will be fixed only later on.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar]

Government are fully aware of the suffering and hardships caused to the public by the present meagre rice ration. Government desire to assure the House that they are making all possible efforts to secure larger allotments of rice from outside and to increase the local production with a view to give a larger rice ration to the people. It is not possible now to indicate with any reasonable certainty when the State will be able to step up the present scale of rice ration. This will depend mainly on the All India Rice Position which, from what we know now, will continue to be difficult during the coming year also.

The sources of supply for the State are at present mainly from foreign countries. Unlike during the previous years, a large portion of these supplies is in the shape of raw rice which also includes brokens. This works out roughly 80 per cent of the total supply. There have been complaints from the public for not securing larger quantities of boiled rice and also for issuing brokens. Government are helpless in this matter. The Central Government authorities are fully aware of the difficulties of the people here in the matter. But, owing to the acute scarcity for rice, Central Government have to accept rice of whatever variety offered to them, provided it is not unfit for human consumption. As regards brokens it may be asked whether a lesser price is not possible. Here again, Government are helpless. The Government have to pay the same price to Central Government for all varieties of rice, big and broken, as they themselves have to pay for them accordingly.

We are selling rice at a price which is much below the average pooled cost price of local and imported rice. Thereby the Government are incurring a subsidy of over Rs. 8 lakhs a month. The Central Government have been kind enough to bear a portion of the subsidy from October 1948. Even then, the State will have to subsidise the sale of rice to the extent of about Rs. 37 lakhs per year so as to maintain the present selling price.

I shall now deal with the distribution of raw rice and broken rice. Another complaint in regard to the distribution of imported rice is that some areas are getting disproportionately large quantities of raw rice and brokens. Generally the available boiled rice is distributed in fairly equal proportions among the deficit areas. But this will not always be feasible. Stocks may have to be supplied urgently to an area at a time when there is no boiled rice in stock. By the time the next stock of boiled rice becomes available it may be urgently required in another deficit area; and hence it is sent there. But, as far as possible, attempt is made to see that when the issues in a year is taken together there is fairly equal distribution of the boiled rice as there is greater demand for boiled rice.

As regards broken rice also the procedure mentioned above as regards raw rice is followed. But special instruction have been issued that the quantity of broken rice given to one individual shall not, as far as possible, exceed 1/8 the ration and this has been done accordingly. When there is broken rice in stock the instructions are that. up to 1/8 of the ration, brokens should be given to avoid accumulation and the possibility of issuing the whole rice ration in brokens. This is done in all areas except Chittur which is a surplus area. The instructions of the Railway authorities are that cross movements should be avoided. It may not always be possible to restrict the issue of broken to the extent above mentioned, if there is larger proportion of broken in future arrivals of rice,

Issue of paddy in place of purchase.—As already mentioned Cochin is a deficit area as regards rice which is the staple food of the people here and we are depending on imports for maintaining the rationing scheme in the State. The quotas of rice allotted to the State are not received here at any regular intervals or at specified periods. A definite quota of rice is allotted for the State and supplies are received here towards this quota as and when stocks are moved from the areas from which we are to receive our quota. Arrivals of rice are most uncertain due to various causes over which this Government or the Central Government have no control. Absence of an assured supply of imported rice into the State it is impossible to leave the deficit in the areas to depend solely upon imported rice. Among the several taluks, the State has surplus paddy in Chittur taluk only. Hence the major portion of the State will have to depend on foreign supplies. The paddy procured locally is at present transported to the nearest mills, got milled there and the rice is moved to places where replenishment of stock is required. If the paddy procured in the surplus areas is reserved in the same localities for distribution to card holders there and if adequate stocks of imported rice is not available in the State to replenish stocks in deficit areas, rationing will break down. Very often, our rice stocks run very low when steamers carrying foreign supplies are delayed. There had been occasions when we had no stock for more than a week. At such critical juncture, our local supplies are of great help to us in avoiding a breakdown of the rationing, and it must be said to the credit of the Food

LIBRARY ARCHIVES Kerala Legislative Assembly

Department that there had not been a breakdown, not even for a single day in all these years. It is, therefore, imperative in the interests of the working of the rationing scheme, that the paddy purchased by Government locally is distributed along with the imported rice and paddy as done at present, without reserving the local paddy for local consumption in the surplus areas concerned.

Issue of paddy itself as ration.—There have been suggestions that paddy procured from the State should be distributed as paddy itself. There are practical difficulties in this scheme. For stocking the paddy larger godown space is required than for stocking rice. Paddy required for rationing has to be well-dried and cleaned as it has to be preserved for some time otherwise deterioration of grain is quicker while it is in paddy form. This involves additional labour and cost. Again, if paddy is to be issued as such, the paddy purchased from some localities will have to be kept there for a long period for purposes of rationing as the whole stock will have to be exhausted in that particular locality in which case alone the distribution of paddy can be assured. When the stock of rice deteriorates there will be necessity to rapidly move available supplies to other regions and this can sometimes be done only from places where paddy is stocked. In the case of paddy such rapid movements are difficult and involves delay. Storage facilities for stocking paddy especially in rural areas are very limited also. Apart from these practical difficulties, it is seen from experience that most of the daily card holders who form a majority of the population prefer rice to paddy for ration. Further there are greater chances of fraud in the distribution of paddy than in rice, in that the retailers can mix chaff with paddy. Such complaints are not uncommon when paddy is distributed. It may also be stated that fradulent dealings in rice and paddy are more easy of detection when the ration is in the form of rice. This is because ration rice can generally be easily identified if it is in the possession of a person who is not entitled to it. But when paddy is illicitly purchased by one who can otherwise come into possession of paddy he can successfully raise the plea that the stock is what he derived from other sources. However, where there is little or no milling facilities and where the paddy procured is comparatively small, it is being distributed to the card-holders as paddy itself.

Local Procurement.—With regard to local procurement, there has been a short fall of about 7,000 tons rice in 1123 when compared to 1122. Steps have been taken to tighten up control and procure a larger quantity of paddy this year. We have already purchased a lakh of paras more in the last two months than for the corresponding period in the last year. Therefore the purchases this year will show substantial improvement than that of last year.

Government have been receiving representations from various responsible quarters that the price of paddy should be increased and also that a bonus should be given to the cultivator of paddy to induce him to encourage the paddy cultivation. There has been an increase in the procurement prices of food grains in various regions in India including Malabar. The Government are anxiously considering whether our present procurement price, *viz.*, Rs. 1—8—0 per para (including bonus) should be increased.

Grant of bonus to producers.—With regard to the grant of bonus Government think there are difficulties to accept the proposal. It is not possible to work out the exact financial implications of the proposal without knowing the extent of bonus proposed. Even assuming that the bonus can be as little as possible the financial commitment are likely to be very high. A payment in the shape of bonus, unless it is attractive, is not likely to give any impetus to production.

Apart from the financial implications, the following aspects have to be considered: Any bonus based on the extent of land cultivated is not likely to be of any assistance in the procurement of paddy unless it is possible to secure the utilisation of such bonus for cultivation purposes over and above the normal expenditure now met by the cultivator. It will be practically impossible to enforce any such conditions as it is not capable of effective supervision. The money, therefore, spent in this behalf is likely to be a sheer waste without deriving the object in view.

On principle also there is little justification for payment of any bonus for the production of paddy which is the staple food of the people here. In regard to such an essential commodity it is necessary that the cost incurred by the Government towards its purchase should be the minimum possible so as to enable the Government to sell it as cheap as possible to the consumer. Nothing more than a fair margin of profit, besides the cost of production, can legitimately be claimed by the producer for his labour. It would be unwholesome to allow the cultivator to take undue advantage of the country's needs in regard to food by adopting an attitude that he will not cultivate the grain unless he is allowed to profiteer by it, which will be

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warriar]

in effect, the result of a bonus to him. Further payment of a particular amount as bonus is likely to have an evil tendency to create an expectation on the part of the cultivator of a still higher bonus at a later stage, due to possible deterioration of the food position and consequent increased scarcity for grain. A paddy cultivator is now in a very advantageous position as he is assured of the grain needed for his consumption unlike his unfortunate brother who does not possess or own paddy land. So a reasonable price for the grain produced by him would seem sufficient. Government have been revising the procurement price of paddy from time to time with a view to give a fair price to the cultivators.

Measures for increase in food production contemplated

Government are now supplying manure at concessional rates to cultivators. Large irrigation projects have been programmed and are being executed vigorously. These measures are bound to be of great assistance to cultivators for the better production of food crops. The greatest need of the poor ryot to-day is not so much the bonus as the security of tenure and relief from the excessive pattom that he has to pay. The Government is anxiously considering the question of tenancy reform and hopes to be able to introduce legislation giving that relief.

Textile Control.—As regards textiles, the scheme of the present control is mainly to control production, price and distribution of both cloth and yarn. The State is now treated as a separate zone for this purpose, while, during the previous control, it was included in the south zone comprising, Madras, Travancore and Cochin. Quotas of cloth and yarn are allotted to the Cochin State by the Textile Commissioner to the Government of India. Arrangements have been made for purchasing the same and distributing it to the consumers.

Cloth.—The Distribution of cloth is done entirely by licensees which includes private individuals and Co-operative Societies. No rationing of cloth has been resorted to. This is because the stock position at present is fairly satisfactory. Cochin has been getting on an average a monthly quota of 1250 bales of mill cloth during the last four months from August. Out of this a portion, *viz.*, the production of Sitharam Mills, which roughly comes to about 585 bales per month is supplied wholly to the State. The balance comes from outside, mostly, from Bombay. For handloom cloth the supply is abundant and hence there is no sort of restriction in regard to its movement or prices.

Yarn.—In regard to *Yarn*, the monthly quota is 300 bales of which about half is now to be supplied by the local mills (Alagappa Textiles) and the balance from the Madras Province (Rajapalayam mills). The import and distribution of yarn have been entrusted to the Central Co-operative Marketing Society.

New retailers provisionally allowed to continue.—The policy of the Government is to entrust the distribution to Co-operative Societies, when licenses were issued for sale of mill cloth, a large number of persons, who were in the trade but who had come after the decontrol, had to be excluded from the business. It was represented on their behalf that they were put to great hardship and loss by their exclusion. Hence Government have allowed them to continue the business on condition that if circumstances later on require a reduction in the number of retailers or replacement by Co-operative Societies, they will have to go out. Licenses have been granted to 1612 applicants of which 858 are old licensees, 215 Co-operative Societies and 539 to the new merchants.

Accumulation of stocks.—One main difficulty confronting the trade is the accumulation of stock brought during decontrol period at high prices. From the 1st December all stocks of cloth have to be sold only at stamped prices which will be certainly lower than the prices which prevailed prior to the reintroduction of control.

Scarcity for particular varieties.—Though the stock position of cloth is on the whole satisfactory, there is scarcity for some particular varieties which are greatly in demand here, *viz.*, Mettur and Binny goods. As regards the latter, supply is expected shortly. For Mettur goods the Madras authorities were approached recently but they expressed inability to spare any quota. The matter is being taken up again with the Textile Commissioner to the Government of India.

Before I conclude, I wish to say a word about top heavy administration and corruption in the Department. As regards the former, while the expenditure was about 7¾ lakhs in 1122, it has been reduced to 4¼ lakhs now. The number of hands in the Department in 1122 was 1312 while it is only 694 now. As regards the 2nd charge, namely, corruption, the House knows that there is no other department where there is more temptation and opportunities for corruption as in this. Yet all possible vigilence is exercised to check it. In the course of the

LIBRARY ARCHIVES Kerala Legislative Assembly

last 3 years, as many as 42 persons were dismissed or suspended on charges of corruption not to speak of hundreds of minor punishments or admonitions.

Mr. P. Govinda Menon *(Minister for Finance and Law):* I second it.

Mr. President: The demand will be put to vote at 5-30 p. m.

CUT MOTION NO. 1

Mr. C. V. Iyyu *(Kunnamkulam):* To reduce the allotment of Rs. 1,45,156 for Establishment-Price Control measures in Demand No. 42 by Rs. 2. *To bring home to Government the hard plight of unemployment as well as loss by the introduction of New Textile Control orders which the new cloth dealers have to suffer.* Sir, in view of the opening speech of the Hon'ble Premier in which he has been good enough to state that the new merchants which came into being after the decontrol of cloth are also to be given licenses at least temporarily I do not wish to move this motion.

Not moved

CUT MOTION NO. 2

മിസ്റ്റർ സി. വി. ഇയ്യു: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണ്. To reduce the allotment of Rs. 318 for Minister's House Establishment in Demand No. 42 by Rs. 2. (എറണാകുളത്തു സ്വന്തമായി താമസസ്ഥലമുള്ള മന്ത്രിമാർക്ക് വീട്ടുവാടക കൊടുക്കുന്നതോ, പുതിയബങ്കളാവു് വാടകക്കു എടുത്തു കൊടുക്കുന്നതോ ആയ നടപടിനിർത്തൽ ചെയ്യേണ്ട ആവശ്യത്തെപ്പറ്റി ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ).

സർ, ഈ ഉപക്ഷേപം എഴുതുകയും അയയ്ക്കുകയും ചെയ്യുന്ന സമയത്തു് ഞാൻ വളരെ Delicate ആയിട്ടുള്ള സംതിയാണ് എഴുതുന്നതു് എന്നുള്ള ബോധത്തോടുകൂടിയാണ് അയച്ചിട്ടുള്ളതു്. തിരോധാനം ചെയ്ത ഗവണ്മെണ്ടിന്റെ മന്ത്രിമാരായിരുന്ന ആ സ്ഥാനത്തു ഇരുന്നിരുന്നതു് എങ്കിൽ ഇങ്ങിനെ ഒന്നു അയയ്ക്കേണ്ട ആവശ്യമുണ്ടാകുമായിരുന്നില്ല. അവരിന്നു ഗവണ്മെണ്ടിലില്ല. അന്നത്തെ മന്ത്രിമാരോ, ഈ സഭയുടെ മുമ്പാകെ ഇരിക്കുന്ന ഫോയാപടത്തിലുള്ള മഹാത്മഗാന്ധിയുടെ പേരിനെ ചൂഷണം ചെയ്യുന്നവരല്ല. അദ്ദേഹത്തിന്റെ ആദർശം വച്ചു ജീവിക്കുന്നു എന്നു പറയുന്നവരും, ആ ആദർശത്തെ പ്രതിബിംബിക്കത്തക്കവിധം ചുവരുകളിലും, മതിൽകെട്ടിന്മേലും എഴുതി പട്ടിണിപ്പാവങ്ങളുടേയും, തൊഴിലാളികളുടേയും, കർഷകരുടേയും ബന്ധു എന്നു പറഞ്ഞുവരുന്നതായ ഒരു സംഘടനയുടെ നേതാക്കന്മാരോ അല്ല. ഇന്നത്തെ മന്ത്രിമാർ പാവങ്ങളുടെ വോട്ടുമേടിച്ചു ധനികന്മാരുടെ ആഡംബരങ്ങളിന്മേൽ നികുതിചുമത്താതെ സാധാരണ മനുഷ്യക്കുത്യാവശ്യമുള്ള സാധനങ്ങളിന്മേൽ നികുതിചുമത്തി ഈ ബഡ്ജറ്റു ബാലൻസ് ചെയ്യുന്നതിനുള്ള തീവ്രപരിശ്രമം ചെയ്തിട്ടുള്ള ഗവർമ്മെണ്ടായതുകൊണ്ടും, താണപടികളിലുള്ള വളരെ ഉദ്യോഗസ്ഥന്മാര തൊഴിലില്ലാതാക്കി വലിയ മിച്ചംകാണിച്ചിട്ടുള്ള ഒരു ബഡ്ജറ്റു അവതരിപ്പിച്ചു അവസരമായതുകൊണ്ടുമാണു ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവരുന്നതു്. എന്റെ ഉദ്ദേശത്തെ കുറിച്ചു മന്ത്രിമാർ തെറ്റിദ്ധരിക്കരുതു് എന്നു ഞാൻ പറയുന്നു. ഇപ്പോഴത്തെ രണ്ടു മന്ത്രിമാർക്കു സ്വന്തമായി താമസിയ്ക്കാൻ എറണാളത്തു വീടുണ്ടു്. അവർ സ്വന്തം ആവശ്യത്തിനു വേണ്ടിയും, സ്വന്തം സുഖസൌകര്യങ്ങൾക്കുവേണ്ടിയും, സ്വന്തം സമ്പാദ്യത്തിനുവേണ്ടിയുമല്ല ഈ ജോലി സ്വീകരിച്ചിട്ടുള്ളതു എന്നുവേണമല്ലോ അവരെക്കുറിച്ചു കരുതുവാൻ. ഇന്നത്തെ രീതിയിൽ അവരനുഭവിക്കുന്ന സുഖസൌകര്യങ്ങൾ അനുവദിക്കാവുന്നതല്ല. മഹാത്മഗാന്ധിചെയ്യുന്നതുമാതിരി അവർ ഭങ്കികോളനിയിൽ പോയി താമസിക്കണമെന്നു ഞാൻ പറയുന്നില്ല. പക്ഷെ അങ്ങിനെയാണു് അവർ ചെയ്യേണ്ടതു്.

മിസ്റ്റർ കെ. കരുണാകരൻ: മഹാത്മഗാന്ധി താമസിക്കുന്നതു പോലെയല്ലെങ്കിൽ, നെഹ്രു താമസിക്കുന്നതുപോലെയാണൊ വേണ്ടതു്?

മിസ്റ്റർ സി. വി. ഇയ്യു: നെഹ്രുവിനെ ഞാൻ ഒരാദർശപുരുഷനായി എടുത്തിട്ടില്ല. യേശുക്രിസ്തുവിനേയും മഹാത്മാവിനേയും മാത്രമെ ഞാൻ ആദർശപുരുഷന്മാരായി കരുതുന്നുള്ളൂ. നെഹ്രു തന്നെ ആനന്ദഭവനത്തിലെ സുഖസൌകര്യങ്ങൾ ത്യജിച്ചിട്ടുള്ളതുകൊണ്ടു സമ്മതിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു റിട്രെഞ്ച്മെന്റു് നിലകരുതിയെങ്കിലും പുതിയ ബങ്കളാവുകൾ എടുക്കാതെ, സ്വന്തം വീടുകളിൽ താമസിച്ചുകൊണ്ടു പൊതുമുതലിൽ നിന്നു വാടക പറ്റാതിരിക്കണം. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിമാരോടപേക്ഷിക്കുവാൻ വേണ്ടിയാണു ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, ഈ ഉപക്ഷേപത്തെ ഞാൻ എതുക്കുന്നു. ചെകുത്താൻ വേദമോതുന്നതുപോലെയാണു് മഹാത്മഗാന്ധിയുടെ ആദർശങ്ങളെ ഇന്നത്തെ മന്ത്രിമാർ് സ്വീകരിക്കുന്നില്ലെന്നു ഈ ഉപക്ഷേപത്തിന്റെ അവതാരകൻ ആക്ഷേപിക്കുന്നതു്. പണ്ഡിറ്റു്നെഹ്രുവിനെ അദ്ദേഹം അനുകരിക്കുന്നില്ല, പണ്ഡിറ്റു്നെഹ്രു ഒരു ആദർശപുരുഷനല്ല, എന്നു ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറഞ്ഞതുകൊണ്ടു് ഇന്ത്യയിലെ പ്രധാനമന്ത്രിയുടെ നാമധേയത്തിനു യായൊരു കളങ്കവും പറ്റാനില്ലെന്നു അദ്ദേഹത്തിനു അറിവില്ലായിരിക്കാം. ഈ ഉപക്ഷേപം പലകാരണങ്ങളാലും ഇന്നത്തെ ഗവൺമെണ്ടിനു സ്വീകരിക്കാവുന്നതാണൊ എന്നു ഞാൻ സംശയിക്കുന്നു. ഒന്നാമതായി മന്ത്രിമാക്ക കൊടുക്കുന്ന ആനുകൂല്യങ്ങളും ഈ നിയമസഭയിൽ പാസായിട്ടുള്ളതും പ്രാബല്യത്തിൽ വരിക്കുന്നതുമായ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണു് എന്നുള്ളതാണു് പരമാർത്ഥം. ആ നിയമപ്രകാരം വീട്ടുവാടക മന്ത്രിമാക്ക കൊടുത്തുകൊള്ളണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. അങ്ങിനെയുള്ള ഒരു നിയമപ്രകാരം കൊടുക്കുന്ന ആനുകൂല്യങ്ങളും ഒരു ഉപക്ഷേപപ്രകാരം എടുത്തു കളയണമെന്നു പറഞ്ഞാൽ് നിയമദുഷ്പ്രയോഗമായ ഒരു സംഗതിയാണു്. ഗവൺമെണ്ടു ബഡ്ജറ്റവതരിപ്പിക്കുന്ന അവസരത്തിൽ അതിൽ നിയമത്തിനു വ്യത്യസ്ഥമായി വല്ല ഭേദഗതിയും ചെയ്യുന്നുണ്ടെങ്കിൽ പിന്നീടു അതിനെ സംബന്ധിച്ചു ഒരു ബിൽ അവതരിപ്പിച്ചു പാസാക്കി നിയമമാക്കുക പതിവാണു്. എന്നാൽ മാത്രമെ ബഡ്ജറ്റുപ്രകാരം നടക്കുവാൻ സാധ്യമുണ്ടാകുകയുള്ളു. അങ്ങിനെ ഗവൺമെണ്ടുതന്നെ ബഡ്ജറ്റു് അവതരിപ്പിക്കുന്ന അവസരത്തിൽ നിലവിലിരിക്കുന്ന നിയമത്തിനു തടസ്ഥമായി വല്ല ഭേദഗതിയും ചെയ്യാൽ അതിനെ സംബന്ധിച്ചു വേറെ ബിൽ അവതരിപ്പിച്ചു നിയമമുണ്ടാക്കണം എന്നതാണു് നിയമവും നടപടിയും. അങ്ങിനെ നിലവിലിരിക്കുന്ന നിയമത്തെ ഭേദപ്പെടുത്തുന്നതിനു ഒരു നിയമനിർമ്മാണമാണു വേണ്ടതു്. ഈ ഉപക്ഷേപം അവതരിപ്പിച്ച അവതാരകൻ, മന്ത്രിമാക്ക വാടക കൊടുക്കണം എന്നുള്ള നിയമത്തെ ഭേദപ്പെടുത്തുന്ന ഒരു ഭേദഗതി നിയമമാണു കൊണ്ടുവന്നിരുന്നതു് എങ്കിൽ അതിനു ഈ നിയമസഭയുടെ ആനുകൂല്യം നേടാൻ ശ്രമിക്കുന്നതു് സാധുതപവും ന്യായവുമായ മാർഗ്ഗവും ആയിരിക്കും. അതുകൊണ്ടു നിലവിലുള്ള നിയമത്തിനെതിരായി കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപത്തെപ്പറ്റി നിയമസഭ ആലോചിക്കുന്നതു് അനാവശ്യമാണെന്നാണു് ഞാൻ പറയുന്നതു്. പിന്നെ നിയമത്തിൽ എല്ലാ മന്ത്രിമാരേയും ഒരുപോലെയാണു് കണക്കാക്കിയിട്ടുള്ളതു്. തൃശ്ശൂരിൽ താമസിക്കുന്ന മന്ത്രിയെന്നും എറണാകുളത്തു് താമസിക്കുന്ന മന്ത്രിയെന്നും ചിറവൂർ താമസിക്കുന്ന മന്ത്രിയെന്നുമുള്ള പരിഗണനകൾ അതിലില്ല. അങ്ങിനെയുള്ള ഒരു നിയമപ്രകാരമാണു് ഇന്നു മന്ത്രിമാക്ക ആനുകൂല്യങ്ങളും കൊടുക്കുന്നതു്. ആ സ്ഥിതിക്കു് തൃശ്ശൂരിൽ താമസിക്കുന്ന ഒരാൾക്ക ഒരു വിധത്തിലും, എറണാകുളത്തു താമസിക്കുന്ന ആൾക്ക മറ്റൊരുവിധത്തിലും ആനുകൂല്യങ്ങളും കൊടുക്കുകയെന്നുള്ളതു് നിയമദുഷ്പ്രയോഗമാണു്. അതുകൊണ്ടു് എറണാകുളത്തു് സ്വന്തം സ്ഥലത്തു താമസിച്ചുവരുന്ന മന്ത്രിമാക്ക വീട്ടുവാടക കൊടുക്കാൻ പാടില്ലെന്ന പ്രത്യേക പരിഗണനയോടുകൂടി ഒരു ഉപക്ഷേപം കൊണ്ടുവരുന്നതു ശരിയല്ലെന്നുള്ളതാണു് ഇതിനെതിരായി എനിക്ക പറയാനുള്ള ഒരു കാര്യം. ഇതു് ഒരു സാങ്കേതികതടസ്ഥം മാത്രവും, ഉപക്ഷേപത്തിനെതിരായുള്ള അപ്രധാനമായ ഒരു വാദം മാത്രവുമാകുന്നു. ഇതിന്റെ ഗുണദോഷത്തിന്മേൽ ഇതു് അസ്വീകാര്യമായ ഒരു ആശയവും, ബാലിശമായ ഒരു വാദവുമാണെന്നുള്ളതാണു് ഇതിനെ അപലപിക്കുന്നതിനുള്ള പ്രധാന കാരണം. മന്ത്രിമാർ ഈ സ്ഥാനത്തു എങ്ങിനെ ആരോഹണം ചെയ്തു എന്നും അവരുടെ സ്ഥാനം എന്താണെന്നും ഉള്ള സ്ഥിതിയെക്കുറിച്ചാലോചിക്കുമ്പോൾ ഇങ്ങിനെയുള്ള സംഗതിയെപ്പറ്റി ഈ സഭയിൽ ആക്ഷേപിക്കുന്നതു ഏറ്റവും നിർഭാഗ്യകരവും അനുചിതവുമായ സംഗതിയല്ലേയെന്നു് ഈ ഉപക്ഷേപകർത്താവിനോടു് ക്ഷമാപൂർവ്വം ചിന്തിക്കാനഭ്യർത്ഥിക്കുന്നു. കൊച്ചിയെപ്പോലെ, ഒരു ജനകീയവ്യവസ്ഥയിലുള്ള ഭരണക്രമത്തിൽ നാട്ടുകാരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനും, അവരുടെ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കുന്നതിനും ബാധ്യസ്ഥരായിട്ടുള്ളതു് അതാതുകാലത്തു ഭരണം നടത്തുന്ന മന്ത്രിമാരാണു്. ജനകീയഭരണമുള്ള ഒരു രാജ്യത്തിലെ മന്ത്രിമാരുടെ സ്ഥാനം ഏറ്റവും അസൂയാർഹമായിട്ടുള്ള ഒന്നാണു്. ആ സ്ഥാനത്തെ ആദരവോടുകൂടി വീക്ഷിക്കാനും, അങ്ങിനെ വീക്ഷിച്ചാൽ വിദ്യാഭ്യാസവിഹീനരായ സാമാന്യജനങ്ങളെ പഠിപ്പിക്കേണ്ടതും വിദ്യാഭ്യാസമുള്ളവരും ഉൽബുദ്ധരും, ജനകീയഭരണം വിജയിക്കണമെന്നു് ആഗ്രഹിക്കുന്നവരും ചെയ്യേണ്ടുന്ന ഒരു കർത്തവ്യം മാത്രമാണു്. നാട്ടിൽ സമാധാനം ഉണ്ടാക്കുന്നതിനും, ക്രമീകൃതമായ ജീവിതം സാ

LIBRARY ARCHIVES Kerala Legislative Assembly

ധിക്കുന്നതിനും, വ്യവസ്ഥാപിതാധികാരികളെ (Constituted authority) കളെ ഈ മനോഭാവത്തോടുകൂടി വീക്ഷിക്കേണ്ടതു്, പ്രത്യേകിച്ചു്, ജനകീയഭരണത്തിന്റെ ഈ പ്രാരംഭദശയിൽ, ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണു്. ഇങ്ങിനെയുള്ള മന്ത്രിസഭയിലെ ചില വ്യക്തികളെ അധിക്ഷേപാർഹമായ വിധത്തിൽ അവഹേളിക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കുകയില്ല. അങ്ങിനെ ആക്ഷേപിക്കുന്നതു് ജനകീയാദർശം പുലരണം എന്നാഗ്രഹിക്കുന്നവർക്ക് ഒരിക്കലും അഭിലഷണീയമായിട്ടുള്ളതുമല്ല.

ഈ ഉപക്ഷേപത്തിന്റെ അവതാരകൻ വളരെ ഉദാരമായി ഉദ്ധരിക്കാവുള്ളതും, ഉദ്ധൃതവചനത്തിൽനിന്നു് പുറപ്പെടുന്നതുമായ പത്രം ഈ ഉപക്ഷേപത്തിനു് പ്രേരകമായി വന്നിരിക്കുകയില്ലെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. ആ പത്രത്തിൽ പൊതുജനനേതാക്കന്മാരായ ഇന്നത്തെ മന്ത്രിസഭയിലെ അംഗങ്ങളെ പേരുപറഞ്ഞു്, ഒരു ശ്രീ. എന്നു് പേരിനോടു കൂട്ടിച്ചേർക്കുന്നതിനുള്ള പ്രാഥമികമര്യാദപോലും കണക്കാക്കാതെ, പ്രസ്താവനകളിൽ പറഞ്ഞുകാണാറുണ്ടു്. അതിൽ ഞാൻ സങ്കടപ്പെടാറുണ്ടു്. അതുപോലെ, പത്രങ്ങളിലെ തലക്കെട്ടുകൾ— മന്ത്രിമാർ അതുചെയ്തു, ഇതുചെയ്തു എന്നു പറഞ്ഞുകൊണ്ടുള്ള പത്രങ്ങളിലെ തലക്കെട്ടുകൾ— തെരുവീഥികളിൽ കൂട്ടികളെക്കൊണ്ടു വിളിപ്പിച്ചു പറയിക്കുന്നുണ്ടു്. ചിലപ്പോൾ പരിഭേജനകവും, ചിലപ്പോൾ അധിക്ഷേപാർഹവും, ചില സമയത്തു് മനപൂർവ്വം തെറ്റിദ്ധാരണ ജനിപ്പിക്കുന്നതുമായ, ആ വക പ്രചരണവിദ്യകൾ പത്രങ്ങൾ വിറ്റഴിക്കാൻ സഹായമായേക്കാമെങ്കിലും, അതിനു പാത്രീഭൂതരാകുന്നിനു് നിർഭാഗ്യം സിദ്ധിച്ച മന്ത്രിസത്തമന്മാരുടെ നേർക്കു് ബഹുമാനവും സ്നേഹവും അല്പാല്പം ചില മനോഭാവമാണു് ശ്രോതാക്കളിൽ ജനിപ്പിക്കുന്നതു്. ഇതു് യഥാർത്ഥപത്രധർമ്മങ്ങളിൽ നിന്നു് വളരെ വിദൂരമാണു്. ഇതൊക്കെ വിദ്യാഭ്യാസമില്ലാത്തവരുടെയിടയിൽ മന്ത്രിമാരെ അവഹേളനപാത്രമാക്കുന്ന സംഗതിയാണു്. നമ്മുടെ മന്ത്രിമാർ സാധാരണക്കാരായ ജനങ്ങളുടെ പ്രതിനിധികളാണു്. അവർക്കു നിയമപ്രകാരം കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെപ്പറ്റി ഇങ്ങിനെ ആക്ഷേപിക്കുന്നതു ശരിയല്ല. ഇതിൽ കൂടുതലായ ആനുകൂല്യങ്ങൾ അവർക്കു ചെയ്തുകൊടുക്കാൻ നമ്മുടെ സാമ്പത്തികസ്ഥിതി നമുക്കനുവദിക്കുന്നില്ലല്ലൊ എന്നുള്ള പരിതാപത്തിനു മാത്രമാണവകാശമുള്ളതു്. അവർ കൂടുതൽ ആനുകൂല്യങ്ങൾ ആഗ്രഹിക്കുന്നുവെന്നോ നാം കൊടുക്കണമെന്നോ അല്ല ഇതിന്റെ അർത്ഥം. അങ്ങിനെ ചെയ്താൽ അതു തികച്ചും ന്യായീകരിക്കത്തക്കതാണെന്നും അവതാരകന്റെ ആശയത്തിനു് വിരോധമാണു് യഥാർത്ഥസ്ഥിതി എന്നു് ഉദാഹരിക്കുന്നതിനും വേണ്ടിമാത്രം ഇതു് പറഞ്ഞതാണു്.

സർ, ഇന്നത്തെ ജനകീയവ്യവസ്ഥയിൻകീഴിലുള്ള മന്ത്രിമാർ പരമാധികാരമുള്ള മന്ത്രിമാരാണു്. കൊച്ചിയെപ്പോലെയുള്ള നാട്ടുരാജ്യങ്ങളുടെ പരമാധികാരം ഉണ്ടായിരിക്കുന്നതു മഹാരാജാവിനാണു്. അങ്ങിനെ പരമാധികാരമുള്ള ഇവിടത്തെ രാജകുടുംബത്തിന്റെ ചിലവിലേക്കായി ഇവിടത്തെ നികുതിയിലെ വലിയൊരു പങ്കു വിനിയോഗിക്കുന്നുണ്ടെന്നുള്ള കഥ നമുക്കറിയാവുന്നതാണു്. പന്ത്രണ്ടു ലക്ഷത്തോളം വരുന്ന ഒരു സംഖ്യ, ഈ സഭയുടെ വാദപ്രതിവാദത്തിനു വരാൻ നിവൃത്തിയില്ലാത്ത ആ സംഖ്യ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു നമുക്കറിയാം. എന്തിനാണു് ഇത്രവലിയൊരു തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു? ഈ നാട്ടിൽ ഭരണം നടത്തുന്ന പരമാധികാരമുള്ള രാജകുടുംബത്തിനു്, അവരുടെ അന്തസ്സിനു യോജ്യമാംവണ്ണം ജീവിക്കുന്നതിനു വേണ്ടിയാണു്. അങ്ങനെയുള്ള മഹാരാജാവിന്റെ പരമാധികാരം മന്ത്രിമാരിലേയ്ക്കാണു് ഇന്നത്തെ രാഷ്ട്രീയപരിവർത്തനത്തിൽ സംക്രമിച്ചിട്ടുള്ളതു്. മഹാരാജാവിൽനിന്നു പരമാധികാരം മന്ത്രിസഭയിലേക്കു ലയിച്ചിരിക്കുന്ന ഈ കാലത്തു, ആ പരമാധികാര സ്ഥാനത്തിനനുയോജ്യമാംവണ്ണം ജീവിക്കണമെന്നുള്ളതു ജനകീയഭരണത്തിന്റെ അന്തസ്സു് നിലനിർത്താനാവശ്യമായിട്ടുള്ളതാണു്. മുമ്പു മഹാരാജാവും അദ്ദേഹത്തിന്റെ കൂട്ടുകാരായ ആളുകളും ഏതു നിലയിൽ ജീവിച്ചിരുന്നുവോ ആ നിലയിൽ ജീവിക്കുന്നതിനു മന്ത്രിമാർക്കു് അനുവദിച്ചുകൊടുക്കുകയാണെങ്കിൽ നിയമപരമായും തത്വപരമായും അതിനെ ആരും അപലപിക്കുകയില്ല. നമ്മുടെ സാമ്പത്തികസ്ഥിതി അതിനു അനുവദനീയമല്ലല്ലോ എന്നുള്ള ഒരു പരിതാപം മാത്രമെ ഉണ്ടാവുകയുള്ളൂ. പോരേയും ആനുകൂല്യങ്ങൾ അവർക്കു ചെയ്തുകൊടുക്കണമെന്നു നിയമമുണ്ടു്. പക്ഷെ, അവർ വീടില്ലാതെയും തെരുവീഥികളിൽ അലഞ്ഞു നടക്കുന്നവരായിട്ടും അല്ല അവർക്കു വീടു് സർക്കാർ വകയായി കൊടുക്കണമെന്നു പറയുന്നതു്. അതുപോലെ റിക്ഷാവണ്ടിയിലും ബസ്സിലും സഞ്ചരിക്കുന്നവരായതുകൊണ്ടല്ല, അവർക്കു കാർ കൊടുക്കണമെന്നു വ്യവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Marar]

സ്ഥ ചെയ്തിട്ടുള്ളതു്. അവരലങ്കരിക്കുന്ന സ്ഥാനത്തിന്നനുയോജ്യമാംവണ്ണവും പൊതുജനങ്ങൾ അവരെ സമീപിക്കുന്നതിനു് സൌകര്യമുണ്ടാകത്തക്കവിധവും ഒരു പൊതുജനാവശ്യമായിട്ടാണു് അവരെ ഈ നിലയിൽ കൊണ്ടുവെച്ചിട്ടുള്ളതു്. ജനസേവനം ചെയ്യുന്ന ആളുകൾക്കു് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാൻ പാടില്ല. അവരുടെ കർത്തവ്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിനുള്ള എല്ലാ സൌകര്യങ്ങളുമുണ്ടായിരിക്കണം; ഇതാണു് തത്വം. സർ, എന്റെ മാന്യസ്നേഹിതൻ അവതരിപ്പിച്ചിട്ടുള്ള ഏറ്റവും ബാലിശമായ ഈ ഉപക്ഷേപത്തെ എതിർക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഈ രാജ്യത്തെ ഭരണം ഏല്പിച്ചിട്ടുള്ള മന്ത്രിമാർക്കു താമസത്തിന്നു സ്ഥലവും, അവർക്കു സഞ്ചരിയ്ക്കാനുള്ള വാഹനവും കൊടുക്കുകയെന്നുള്ളതു് ഗാന്ധിജിയുടെ മഹനീയമായ ആദർശത്തിനു വിരുദ്ധമായതാണു് എന്നു ബഹുമാനപ്പെട്ട അവതാരകൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതാദർശം രാജ്യഭരണത്തിൽ സ്വീകരിയ്ക്കാൻ സാധിക്കുമോ എന്നു സംശയമാണു്. അങ്ങിനെ സാദ്ധ്യമല്ലാത്ത ഒരു കാര്യവുമായിട്ടാണു് ഇതിനെ ഘടിപ്പിച്ചു സംസാരിച്ചതു്. നിയമത്തിനുള്ളിൽ നിന്നുകൊണ്ടു് ചെയ്തിട്ടുള്ള ഒരു പ്രവൃത്തി മാത്രമാണു്, മന്ത്രിമാർക്കു താമസിക്കുവാൻ വീടെടുത്തു കൊടുക്കുന്നതും അവർക്കു സഞ്ചരിക്കുന്നതിനുള്ള വാഹനം കൊടുക്കുന്നതും. എന്നാൽ അവർ താമസിക്കുന്ന സ്ഥലം മഹാരാജാവിന്റെ വസതിയോടു തുല്യമായിട്ടുള്ള നിലയിൽ ഉള്ളതായിരിക്കണമെന്നു് ബഹുമാനപ്പെട്ട തൃശ്ശൂർ മെമ്പർ മിസ്റ്റർ ബാലകൃഷ്ണമാരാർ അഭിപ്രായപ്പെട്ടതിനോടു് ഞാൻ യോജിക്കുന്നില്ല. അതായതു രാജകീയപാരമ്പര്യമനുസരിച്ചു് മന്ത്രിഭരണം തുടരണം എന്നുള്ള അഭിപ്രായമല്ല എനിക്കുള്ളതു്. ജനകീയഭരണത്തിന്നനുയോജ്യമാംവണ്ണം മന്ത്രിമാർക്കു താമസിക്കുവാനും, സഞ്ചരിക്കുവാനുമുള്ള സൌകര്യം ഉണ്ടാക്കി കൊടുക്കണമെന്നുള്ള വ്യവസ്ഥ ഇന്നത്തെ നിയമത്തിലുണ്ടു്. എന്നാൽ മന്ത്രിമാർക്കു വാടക കൊടുക്കുന്നില്ല. മന്ത്രിമാർക്കു വാടക കൊടുക്കുന്നു എന്നു പറയുന്നതു് നിയമദൃഷ്ട്യാ ശരിയല്ല. മന്ത്രിമാർ താമസിക്കുന്ന സ്ഥലത്തിന്നു ഗവണ്മെണ്ടിൽ നിന്നു വാടക കൊടുക്കുന്നു എന്നുമാത്രമെയുള്ളു. ഏതായാലും മഹനീയമായ ഗാന്ധിയൻ ആദർശത്തേയും മന്ത്രിമാരുടെ വസതിയേയും കൂട്ടിക്കെട്ടിയ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പരുടെ ഔചിത്യബോധത്തിൽ ഞാൻ അനുശോചിക്കുന്നു.

* മിസ്റ്റർ കെ. അയ്യപ്പൻ: സർ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറഞ്ഞമാതിരി ഞങ്ങൾക്കിതിൽ യാതൊരു ഡബ്ലിക്കസിയുമില്ല. യാതൊരു സങ്കോചവും കൂടാതെ ഇതിനു് മറുപടി പറയാം. ബഹുമാനപ്പെട്ട അരണാട്ടുകര മെമ്പർ പറഞ്ഞതുപോലെ ഗവണ്മെണ്ടിൽനിന്നു മന്ത്രിമാർക്കു വാടക കൊടുക്കുന്നില്ല. ഇതിനെസ്സംബന്ധിച്ചു ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർക്കു് ഒരുവലിയ തെറ്റിദ്ധാരണയുള്ളതായി കാണുന്നു. മന്ത്രിമാരുടെ സുഖസൌകര്യങ്ങൾക്കു വേണ്ടിയാണു് ഇത്രവലിയ സ്ഥലം എടുത്തു കൊടുത്തിരിക്കുന്നതും, സഞ്ചരിയ്ക്കാൻ കാർ കൊടുത്തിരിക്കുന്നതും എന്നുള്ള ധാരണ തെറ്റാണു്. അവർക്കു ഈ സ്ഥലത്തു താമസിക്കുന്നതുകൊണ്ടു് ഒരു സുഖവുമില്ല. എറണാകുളത്തു താമസിക്കുന്ന മന്ത്രിമാരായ അയ്യപ്പനും പനമ്പിള്ളിക്കും അവർ മുമ്പു താമസിച്ചിരുന്നതിൽ കൂടുതൽ സുഖം ആവശ്യമില്ല. എന്നാൽ പബ്ലിക്കുവർക്സു് മന്ത്രിക്കും നിയമധനകാര്യമന്ത്രിയ്ക്കും അവരുടെ ജോലി ചെയ്യുന്നതിനു കൂടുതൽ സൌകര്യം വേണം. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഇനിയും ആ സ്ഥലത്തു താമസിക്കുന്നതുകൊണ്ടു് യാതൊരു സുഖവും തോന്നുന്നില്ല. അവിടെ ചെയ്തിട്ടുള്ള സൌകര്യങ്ങൾ ഭരണസംബന്ധമായി അവിടെ ഇരിയ്ക്കേണ്ട ആളുകൾക്കുവേണ്ടി ചെയ്തിട്ടുള്ളതാണു്. അല്ലാതെ മന്ത്രിയുടെ സൌകര്യത്തിനുവേണ്ടി ചെയ്തിട്ടുള്ളതല്ല. ഇനി മന്ത്രിമാരുടെ സ്വന്തം വീടിനെപ്പറ്റി പറയുകയാണെങ്കിൽ നിയമ ധനകാര്യമന്ത്രിയ്ക്കു ഇവിടെ സ്വന്തം വീടില്ല. ഒരു തെറ്റിദ്ധാരണ വെച്ചുകൊണ്ടാണു് ഇങ്ങിനെ പറയുന്നതു്. അദ്ദേഹം ഒരു വീട്ടു വാടകയ്ക്കെടുത്തു താമസിയ്ക്കുകയാണു്. ആ വീടിന്റെ ഉടമസ്ഥനു ഇപ്പോൾ ഗവണ്മെണ്ടിൽനിന്നു വാടക കൊടുക്കുന്നു എന്നേയുള്ളു.

മിസ്റ്റർ സി. വി. ഇയ്യു: അദ്ദേഹം താമസിക്കുന്ന വീടിനു് എന്താണു വാടക കൊടുത്തിരുന്നതു്; ഇപ്പോൾ ഗവണ്മെണ്ടിൽനിന്നു എന്താണു കൊടുക്കുന്നതു്?

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: എന്താണ് വാടക കൊടുക്കേണ്ടതു് എന്നു നിശ്ചയിച്ചിട്ടില്ല. പബ്ലിക്കുവർക്സ് മന്ത്രി താമസിക്കുന്ന കെട്ടിടത്തിനു് ഇരുന്നൂറു രൂപാ വാടകയാണ്. ഇരുന്നൂററി ഇരുപത്തഞ്ചു് രൂപായ്ക്കു ഗവണ്മെണ്ടിൽനിന്നു് എടുത്തിരുന്ന ഒരു കെട്ടിടം ഉപേക്ഷിച്ചു് ഇരുന്നൂറുരൂപായ്ക്കു് അതിനേക്കാൾ സൌകര്യമുള്ള ഒരു വീടു് എടുത്തിരിക്കുകയാണ്. മന്ത്രിമാക്കവകാശപ്പെട്ട സൌകര്യം മാത്രമാണിതു്. മന്ത്രിമാക്കു് ഇപ്പോൾ കൊടുത്തിട്ടുള്ള സൌകര്യങ്ങളും അതിനുവേണ്ടി ചിലവാക്കുന്ന പണവും കൂടുതലാണെന്നു അതിന്റെ പരമാർത്ഥമറിയാവുന്നവക്കു് പറയുവാൻ സാദ്ധ്യമല്ല. മന്ത്രിമാരുടെ അന്തസ്സിനു വേണ്ടിയാണു് ഇത്രവലിയ വീടെടുക്കുന്നതു് എന്നു ബഹുമാനപ്പെട്ട കുന്നംകുളം മെമ്പക്കു തെറ്റിദ്ധാരണയുണ്ടായിരിക്കാം. ആ തെറ്റിദ്ധാരണ കളയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇത്ര വലിയ വീട്ടിൽ താമസിച്ചു ഞങ്ങളുടെ അന്തസ്സു പുലർത്തണമെന്നു, ഞങ്ങൾക്കഭിമാനം നടണമെന്നു വിചാരിയ്ക്കുന്നതക്ക അത്ര നിസ്സാരന്മാരല്ല ഞങ്ങൾ. മന്ത്രിമാർ താമസിക്കുന്ന സ്ഥലത്തു പല കാര്യങ്ങൾക്കായി ധാരാളം ആളുകൾ വന്നിറങ്ങിപ്പോകും. മന്ത്രിമാരുടെ ക്ലാക്കിനും ശിപായിക്കും മറ്റും ഇരിയ്ക്കാനുമുള്ള സൌകര്യം വേണം. എന്റെ വീട്ടിലാണെങ്കിൽ ഇതിനുള്ള സൌകര്യം കുറവാണ്. എങ്കിലും എന്നെക്കാണാൻ വരുകയാണെങ്കിൽ ഞാൻ താമസിച്ചിരുന്ന സ്ഥലത്തു മിറ്റത്തു നില്ക്കേണ്ടിവരും. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പക്കുതന്നെ അതു അനുഭവപ്പെട്ടിട്ടുണ്ടാകും. അദ്ദേഹം തന്നെ അവിടെ ഇരുന്നു വിഷമിച്ചിട്ടുണ്ടാകും. മന്ത്രിമാരെ സംബന്ധിച്ചിടത്തോളം അവക്കു് താമസിക്കുവാൻ പ്രത്യേകം സൌകര്യം ഉണ്ടായിരിക്കേണ്ടതാണ്. അതിനു് ഈ വിധത്തിലുള്ള ഭർന്യായങ്ങൾ ഒക്കെ പറഞ്ഞു് ഈ സഭയുടെ സമയം കളയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പക്കു് ഈ കട്ടുമോഷൻ എഴുതി അയക്കുമ്പോൾ തന്നെ മന്ത്രിമാക്കു് താമസിക്കുവാനുള്ള അസൌകര്യത്തെപ്പറ്റി പരിപൂർണ്ണബോധ്യം ഉണ്ടായിരിക്കണമെന്നാണ് എന്റെ വിശ്വാസം.

പിന്നെ മഹാത്മാഗാന്ധിയുടെ ആദർശത്തെ സ്വീകരിക്കുന്നതിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. ഇതു പണ്ടു് ആരോ ഉദ്ദേശിച്ചതുപോലെ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഉദ്ധരിക്കുകയാണെന്നു് ഞാൻ പറയുന്നില്ല. പക്ഷെ, മഹാത്മാഗാന്ധി ജീവിച്ചതുപോലെ ജീവിക്കുവാൻ എനിക്കു സാദ്ധ്യമല്ല. അദ്ദേഹത്തിന്റെ ആദർശപ്രകാരം എല്ലാവരും ജീവിക്കണം എന്നു് പറഞ്ഞാൽ പ്രയാസമുള്ള കാര്യമാണ്. എന്നാൽ അദ്ദേഹത്തിന്റെ ആദർശം മുൻനിർത്തികൊണ്ടു് നമ്മൾക്കെല്ലാവക്കും പ്രവർത്തിക്കുവാൻ കഴിയും. അല്ലാതെ മഹാത്മാ ഗാന്ധിയുടെ ആദർശം നല്ലതാണെന്നു് വിചാരിച്ചു അദ്ദേഹം നടന്നതുപോലെ ഇവിടത്തെ പാർട്ടി നടക്കണം എന്നു പറഞ്ഞാൽ അതിനു് അർത്ഥമുണ്ടോ ?

മിസ്റ്റർ സി. വി. ഇയ്യു: അദ്ദേഹത്തിന്റെ ആദർശം പോലെ നടക്കുവാൻ നോക്കണം.

മിസ്റ്റർ കെ. അയ്യപ്പൻ: ഞങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ആദർശം കഴിയുന്നതും പകർത്തുവാൻ നോക്കുക എന്നുള്ളതാണ്. അതിൽ എത്രത്തോളം ഇവിടെ പകർത്തുവാൻ സാധിക്കുമോ, അത്രത്തോളം പകർത്തും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ആദർശങ്ങളിൽ ചിലതെല്ലാം രാഷ്ട്രീയരംഗത്തു് കൊണ്ടുവരികയാണെങ്കിൽ നമുക്കു് പട്ടാളം ഒന്നുംകൂടാതെ രാജ്യം ഭരിക്കുവാൻ സാധിക്കുമോ ? അതു് എനിക്കു മനസ്സിലാകുന്നില്ല.

മിസ്റ്റർ സി. വി. ഇയ്യു: കൂടാതെ കഴിക്കേണ്ടതാണ്.

മിസ്റ്റർ കെ. അയ്യപ്പൻ: കൂടാതെ കഴിക്കേണ്ടതാണെന്നു് നിർബ്ബന്ധം ഉണ്ടെങ്കിൽ അതു കൂടിയേ കഴിയൂ എന്നു് പറയുന്നതിൽ ഞങ്ങൾക്കു് delicacy ഇല്ല. അതുകൊണ്ടു് ഈവക സംഗതികൾ പറഞ്ഞു് സഭയുടെ സമയം കളയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. പ്രാഥമികമായ ഒരു നീതി മാത്രമെ ഈ കാര്യത്തിൽ അവലംബിച്ചിട്ടുള്ളൂ.

